# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

**(നിലവിൽ : ഡോ. പി. പുകഴേന്തി ഐ.എഫ്.എസ്.)**

വിഷയം : പി.വി.വി.വ - ജീവനക്കാര്യം -എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. പി.യു.മുരളീധരന് സർവ്വീസിൽനിന്ന് വിരമിക്കുന്നതിനും, ടിയാൾ വഹിക്കുന്ന ചുമതലകൾ സീനിയർ സൂപ്രണ്ടുമാർക്ക് കൈമാറ്റം ചെയ്യുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: ശ്രീ. പി.യു. മുരളീധരൻ , ഡെപ്യൂട്ടിഡയറക്ടറുടെ 27/09/17 ലെ സമർപ്പണം.

---

**BCDD/A1/1080/16** തീയതി : 28/09/2017

---

പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ എറണാകുളം മേഖലാ ആഫീസിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. പി.യു. മുരളീധരൻ 30/09/2017 ന് സർവ്വീസിൽ നിന്ന് അടിത്തൂൺ പറ്റി പിരിയുകയാണെന്നും 29/09/17, 30/09/17 തീയതികൾ പൊതു അവധിയായ സാഹചര്യത്തിൽ 28/09/17 അപരാഹ്നത്തിൽ വിരമിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശ പ്രകാരം ടിയാൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. പി.യു. മുരളീധരൻ 30/09/17 ന് സൂപ്പർ ആനുവേഷനിൽ വിരമിക്കേണ്ടതുണ്ട്. 29/09/17, 30/09/17 തീയതികൾ പൊതു അവധിയായ സാഹചര്യത്തിൽ ടിയാന് 28/09/17 അപരാഹ്നത്തിൽ വിരമിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു. നിലവിൽ ശ്രീ. പി.യു. മുരളീധരൻ എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ ചുമതലയോടൊപ്പം, കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ പൂർണ അധിക ചുമതലയും വഹിക്കുന്നുണ്ട്. ടിയാൾ വിരമിക്കുന്ന സാഹചര്യത്തിൽ എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ അധിക ചുമതല എറണാകുളം മേഖലാ ആഫീസിലെ സീനിയർ സൂപ്രണ്ട് ശ്രീ. ആർ ഷിബുവിനും, കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ അധിക ചുമതല കോഴിക്കോട് മേഖലാ ആഫീസിലെ സീനിയർ സൂപ്രണ്ട് ശ്രീ. അനിൽ.ജി. യ്ക്കും നൽകിക്കൊണ്ടും ഉത്തരവാകുന്നു.

ബന്ധപ്പെട്ട ജീവനക്കാർ യഥാവിധി ചാർജ്ജ് കൈമാറേണ്ടതും, ഏറ്റെടുക്കേണ്ടതും റിപ്പോർട്ട് ഈ ആഫീസിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

ഡോ. പി. പുകഴേന്തി. ഐ.എഫ്.എസ്

ഡയറക്ടർ

ശ്രീ. പി.യു. മുരളീധരൻ, ഡെപ്യൂട്ടി ഡയറക്ടർ
ശ്രീ. ആർ.ഷിബു, സീനിയർ സൂപ്രണ്ട്
ശ്രീ. അനിൽ.ജി ,സീനിയർ സൂപ്രണ്ട്
പ്രിൻസിപ്പൽസെക്രട്ടറി, പി.വി.വി.വ (ആമുഖകത്ത് സഹിതം)
മേഖലാഡെപ്യൂട്ടി ഡയറക്ടർ, പി.വി.വി.വ - എറണാകുളം/കോഴിക്കോട്
ഐ.ടി. ഡിവിഷൻ- പി.വി.വിവ (വെബ്സൈറ്റിൽ അപ്‌ലോഡ്ചെയ്യുന്നതിന്)

ആജ്ഞാനുസരണം,

സീനിയർ സൂപ്രണ്ട്